# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5873

25.05.2017-ൽ മറുപടിക്ക്

**സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (ബി) | പുതുതായി ജോലിയിൽ പ്രവേശിച്ച ഓഡിറ്റർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർവൽകൃത സാഹചര്യങ്ങളിൽ ഓഡിറ്റിൽ ശ്രദ്ധിക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശവും നല്കിയിട്ടുണ്ട്. ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിന് വേണ്ടി ആനുപാത വിശകലനം നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെയും ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും പ്രവൃത്തി അവലോകനം നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓഡിറ്റിങ്ങിനുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനും ഓഡിറ്റ് കുടിശ്ശിക പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (ഡി) | ഓഡിറ്റ് ബാക്കിനില്പിന് മുഖ്യ കാരണം ഓഡിറ്റർമാരുടെ ഒഴിവുകളാണ്. ഇപ്പോൾ ടി ഒഴിവുകൾ പരമാവധി നികത്തിയിട്ടുണ്ട്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്ന കൺകറന്റ് ഓഡിറ്റർ തസ്തികകളിൽ പ്രവർത്തിക്കുന്ന ഓഡിറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തി യൂണിറ്റ് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഓഡിറ്റർമാരുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ ഭരണവിഭാഗത്തിൽ നിന്നുള്ള ഇൻസ്പെക്ടർമാരുടെ സഹായവും ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**